# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ : അനുപമ റ്റി.വി. IAS)

ഉത്തരവ് നമ്പർ: എഫ്3/11464/17

തിരുവനന്തപുരം
തീയതി: 20.02.2017.

---

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - വനിതാ വാരാചരണം പരിപാടികൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- 18.02.2017-ലെ വീഡിയോ കോൺഫറൻസ്.

അന്തർദേശീയ വനിതാദിനത്തോടനുബന്ധിച്ച് ഈ വർഷത്തെ വനിതാ വാരാചരണ പരിപാടികൾ മാർച്ച് 1 മുതൽ 7 വരെ നടത്തപ്പെടുന്നു. ലിംഗ സമത്വ സ്ത്രീ ശാക്തീകരണ മേഖലയിൽ വ്യത്യസ്ത പരിപാടികളും അതോടനുബന്ധിച്ച് രൂപം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് 2017 മാർച്ച് 3, 4, 6 തീയതികളിൽ PLV'S മഹിളാ പ്രധാൻ ഏജന്റുമാർ SPC, NSS വിദ്യാർത്ഥികൾ എന്നിവർക്ക് ഈ മേഖലയിൽ ഓറിയന്റേഷൻ പരിപാടിയും, അതോടൊപ്പം ഇവരെ ചുമതലപ്പെടുത്തിക്കൊണ്ട് ഫീൽഡ് തല ബോധവത്ക്കരണം, വാരാചരണത്തിന്റെ പ്രചാരണ പരിപാടികൾ ഷെഡ്യൂൾ പ്രകാരം നടത്തേണ്ടതുണ്ട്.

ആയതിൻ പ്രകാരം വനിതാ വാരാചരണ പരിപാടിയുടെ ഏകോപനത്തിനായും ജില്ലയ്ക്ക് പാരാലീഗൽ വോളന്റിയർമാർ, മഹിളാ പ്രധാൻ ഏജന്റുമാർ എന്നിവർക്കുള്ള ബോധവത്ക്കരണ പരിപാടിയ്ക്കായും 15000/- രൂപ വീതം ചെലവഴിക്കുന്നതിന് ടി തുക ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അനുവദിക്കേണ്ടതുണ്ട്. SPC, NSS വിദ്യാർത്ഥികൾ ഓറിയന്റേഷൻ പരിപാടിയ്ക്കായി ഒരു ബ്ലോക്കിന് 2000/- രൂപ വീതം ജില്ലാ പ്രൊബേഷന ഓഫീസർമാർക്കും മാറി നൽകേണ്ടതാണ്. ടി ഇനത്തിൽ ആകെ 5,14,000/- രൂപ (അഞ്ചു ലക്ഷത്തി പതിനാലായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരം അനുവദിച്ചിട്ടുള്ള തുക ചുവടെ പരാമർശിക്കും പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും, ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്കും അനുവദിച്ച് നൽകുന്നു.

| ക്രമ നം. | ജില്ല | വനിതാ വാരാചരണ പരിപാടികൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് മാറി നൽകേണ്ട തുക | PLV, മഹിളാ പ്രധാൻ, SPC, NSS വോളന്റിയർമാർക്ക് ഒരു ബ്ലോക്കിന് 2000/- രൂപ വീതം ജില്ലാ പ്രൊബേഷൻ ഓഫീസർ മുഖാന്തിരം മാറി നൽകേണ്ട തുക | | ആകെ |
|---|---|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്ത് എണ്ണം | തുക | |
| 1. | തിരുവനന്തപുരം | 15000/- | 11 | 22000 | 37000 |
| 2. | കൊല്ലം | 15000/- | 11 | 22000 | 37000 |
| 3. | ആലപ്പുഴ | 15000/- | 12 | 24000 | 39000 |
| 4. | പത്തനംതിട്ട | 15000/- | 8 | 16000 | 31000 |
| 5. | കോട്ടയം | 15000/- | 11 | 22000 | 37000 |

| | | | | | |
|---|---|---|---|---|---|
| 6. | ഇടുക്കി | 15000/- | 8 | 16000 | 31000 |
| 7. | എറണാകുളം | 15000/- | 14 | 28000 | 43000 |
| 8. | തൃശ്ശൂർ | 15000/- | 16 | 32000 | 47000 |
| 9. | പാലക്കാട് | 15000/- | 13 | 26000 | 41000 |
| 10. | മലപ്പുറം | 15000/- | 15 | 30000 | 45000 |
| 11. | കോഴിക്കോട് | 15000/- | 12 | 24000 | 39000 |
| 12. | വയനാട് | 15000/- | 4 | 8000 | 23000 |
| 13. | കണ്ണൂർ | 15000/- | 11 | 22000 | 37000 |
| 14. | കാസർഗോഡ് | 15000/- | 6 | 12000 | 27000 |
| | ആകെ | 2,10,000/- | 152 | 3,04,000/- | 5,14,000/- |

ഇതിലേയ്ക്കാവശ്യമായ ചെലവായ 5,14,000/- രൂപ (അഞ്ച് ലക്ഷത്തി പതിനാലായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-92-66 (NP) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

വനിതാ വാരാചരണം നടത്തിയതിനു ശേഷം ആയതിന്റെ റിപ്പോർട്ടും ചെലവുകളെ സംബന്ധിച്ച വൗച്ചറുകൾ ധനവിനിയോഗ സർട്ടിഫിക്കറ്റ്, വിശദമായ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ അതാത് ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരും, ജില്ലാ പ്രൊബേഷൻ ഓഫീസർമാരും രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

പകർപ്പ്:-

1) സ്റ്റോക്ക് ഫയൽ

2) [illegible]

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്